യദ് യന്നിരുക്തം വചസാ നിരൂപിതം ധീയാക്ഷഭിർവ്വാ മനസാ വോത യസ്യ
മാ ഭൂത് സ്വരൂപം ഗുണരൂപം ഹി തത്തത് സ വൈഗുണാപായവിസർഗ്ഗലക്ഷണ: **(6–4–29)**
യസ്മിൻ യതോ യേന ചയസ്യ യസ്മൈ യദ്യോ യഥാ കുരുതേ കാര്യതേ ച
പരാവരേഷാം പരമം പ്രാക്പ്രസിദ്ധം തദ് ബ്രഹ്മ തദ്ധേതുരനന്യദേകം **(6–4–30)**

ശുകമുനി തുടർന്നു: ഞാൻ നേരത്തെ പറഞ്ഞുവല്ലോ പ്രചേതരുടെ കാര്യം. അവർ പൊയ്കയിൽനിന്നും പുറത്തു വന്നപാടെ ചുറ്റുമുള്ള വൃക്ഷങ്ങളെയെല്ലാം വെട്ടി നശിപ്പിക്കുവാൻ തുടങ്ങി. സോമൻ ഇടപെട്ട് അവരെ അനുനയനരൂപത്തിൽ ഗുണദോഷിച്ചു. “പാവപ്പെട്ട മരങ്ങളെ ദ്രോഹിക്കുന്നത് ശരിയല്ല. പ്രത്യേകിച്ചും അവരുടെ ധർമ്മം ജീവികൾക്ക് രക്ഷനൽകുക എന്നതാവുമ്പോൾ. അവയേയും ജീവികളുടെ പോഷകത്തിനായി ഭഗവാൻ സൃഷ്ടിച്ചതത്രേ. അചരങ്ങളായ സൃഷ്ടികൾ ചരങ്ങളായവക്ക് ഭക്ഷണമത്രേ. കാലുകളുള്ളവർക്ക് കാലുകളില്ലാത്ത ജീവികൾ ഭക്ഷണം. കൈയ്യുള്ള ജീവികൾക്ക് കയ്യില്ലാത്തവ ഭക്ഷണം. ഇരുകാലികൾക്ക് നാൽക്കാലികൾ ഭക്ഷണം. ഈ നശീകരണ വൃത്തിയിൽ നിന്നും പിന്തിരിഞ്ഞ് അച്ഛൻ ജീവിച്ച പോലെ ജീവിച്ചാലും. കാരണം മാതാപിതാക്കൾ, കുട്ടികളുടെ ശരിയായ സുഹൃത്തുക്കളത്രെ. കൺപീലികൾ കണ്ണിനും, രാജാവ് പ്രജകൾക്കും, ഗൃഹസ്ഥൻ ഭിക്ഷക്കാരനും, ഭർത്താവ് സ്ത്രീക്കും, ജ്ഞാനി അജ്ഞാനിക്കും, ഉത്തമ സുഹൃത്തുക്കളത്രെ. നിങ്ങളുടെ കോപമടക്കിയാലും. പ്രകൃത്യാലുള്ള ഗുണങ്ങൾക്കതീതരായി നിങ്ങൾ ഭഗവൽകൃപയ്ക്ക് പാത്രമായിത്തീരും. ഭഗവൽശരീരം, ചരാചരസൃഷ്ടികളുടെ സഞ്ചയമത്രെ.” ഇത്രയും പറഞ്ഞ് മാരി എന്ന പെൺകുട്ടിയെ സോമൻ അവർക്ക് നൽകി. കാലക്രമത്തിൽ ദക്ഷപ്രാചേതസൻ എന്ന പുത്രൻ അവൾക്കുണ്ടായി.

ആദ്യം ദക്ഷപ്രാചേതസൻ സ്വന്തം ഇഛയാൽ പലേ വിധ ജീവജാലങ്ങളെയും സൃഷ്ടിച്ചു. പക്ഷെ ഇവ പെറ്റുപെരുകിയില്ല. അപ്പോൾ അദ്ദേഹം ഭഗവാനെ ധ്യാനിച്ച് തപസ്സു ചെയ്തു. “ജീവന് തുലോം അജ്ഞാതമായ ഗുണങ്ങളോടു കൂടിയ ആ പരമദിവ്യസ്വരൂപത്തിന് നമസ്കാരം. ഒരു വസ്തു സ്വയം അതിൻെറ ബോധശക്തിയെ അറിയാത്തതുപോലെയാണ് ജീവൻെറ അജ്ഞത. പരിശുദ്ധമായ മനസിൽ ചിന്താവ്യതിയാനങ്ങൾ അകന്ന് ശാന്തതയുണ്ടാവുമ്പോൾ ജീവൻെറ ഈ അജ്ഞതയും അകലുന്നു. പറയപ്പെടുന്ന വാക്കുകൾ കൊണ്ടോ കാഴ്ചശക്തി കൊണ്ടോ, മനസ്സുകൊണ്ടോ അവിടത്തെ അറിയുക സാദ്ധ്യമല്ല. ഇവയെല്ലാം ഗുണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഉൺമയുടെ പ്രകൃതിധർമ്മം അറിയാൻ വിശ്വസൃഷ്ടിയിൽനിന്നും വിശ്വപ്രളയത്തിൽനിന്നും അനുമാനിച്ചെടുക്കേണ്ടിയിരിക്കുന്നു. ആരാൽ എന്ത് ആരോട് ചെയ്യുന്നുവോ അവയെല്ലാം ആ പരബ്രഹ്മം തന്നെയാണ്. വൈരുദ്ധ്യങ്ങളായ തത്വസംഹിതകൾ ക്കടിസ്ഥാനമായുള്ളതും അതേ ബ്രഹ്മം തന്നെ. ആ പരമസത്ത എൻെറ പ്രാർത്ഥനയെ സ്വീകരിക്കട്ടെ.”

അങ്ങിനെ പ്രാർത്ഥിക്കവേ ഭഗവാൻ സ്വയം ദക്ഷൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അത്ഭുതസ്തബ്ദനായി ദക്ഷൻ ഭഗവാൻെറ കാൽക്കൽ നിശ്ശബ്ദനായി വീണുകിടന്നു. ഭഗവാൻ പറഞ്ഞു. “എല്ലാ സൃഷ്ടികളും പ്രത്യുൽപ്പാദനം നടത്തി പെരുകണമെന്നത് എൻെറ ഇഛയാണ്. സൃഷ്ടിക്ക് മുൻപ് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എൻെറ മായാശക്തിയാൽ ഉറങ്ങികിടന്നിരുന്ന അനന്തമായ പ്രാബല്യങ്ങൾ പ്രകടിതമായി. ബ്രഹ്മാവും നീയും മറ്റെല്ലാവരും എൻെറതന്നെ പ്രകടിതരൂപങ്ങളത്രെ. നിങ്ങളെല്ലാം യോനീജന്മങ്ങളല്ല. പുരുഷസ്ത്രീ സംയോഗത്താൽ സൃഷ്ടിജാലങ്ങൾ പെറ്റുപെരുകാനുള്ള സമയമായിരിക്കുന്നു. അതുകൊണ്ട് പഞ്ചജനൻെറ പുത്രിയായ അസികനിയെ പാണിഗ്രഹണം ചെയ്താലും. അവളിലൂടെ മറ്റെല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചാലും.” ഇത്രയും പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷനായി.